കറിപൗഡർ നിർമ്മാണ യൂണിറ്റ്

117 (1269) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ആനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബങ്ക് കറിപൗഡർ നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ;

(സി) ഈ യൂണിറ്റ് എത്ര പേർക്ക് തൊഴിൽ നൽകുമെന്നും എന്ത് ലാഭം കിട്ടുമെന്നും കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഈ യൂണിറ്റിന് ആവശ്യമായ യന്ത്രസാമഗ്രികളും മറ്റ് സാധനങ്ങളും വാങ്ങിയിട്ടുണ്ടോ ; ഇതിന് ഓരോന്നിനും എന്തു തുക ചെലവായി ;

(ഇ) ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരെ ഏതെല്ലാം തസ്തികകളിൽ ആവശ്യമുണ്ട് ;

(എഫ്) ഇതിനായി അപേക്ഷ ക്ഷണിച്ചിരുന്നുവോ ; എങ്കിൽ എത്രപേർ ഓരോ തസ്തികയിലും അപേക്ഷിച്ചു ;

(ജി) അവരുടെ നിയമനം നടത്തിയോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(എച്ച്) ഈ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്തുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിന് 21.40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) ആകെ 50 പേർക്ക് തൊഴിൽ ലഭിക്കും. എന്നാൽ ആദ്യഘട്ടമായി 22 പേർക്കാണ് തൊഴിൽ ലഭിക്കാൻ സാദ്ധ്യത. വർഷത്തിൽ 10 ലക്ഷം രൂപയ്ക്കും 12 ലക്ഷം രൂപയ്ക്കുമിടയ്ക്ക് ലാഭം കിട്ടുമെന്നും കണക്കാക്കിയിട്ടുണ്ട്.

(ഡി) വാങ്ങിയിട്ടുണ്ട്.

	എണ്ണം	രൂപ
പർവായിസിംഗ് മെഷീൻ	3	6,59,600
പാക്കിംഗ് മെഷീൻ	1	1,90,000
റോട്ടറി മെഷീൻ	1	1,05,550
ഡ്രയിംഗ് മെഷീൻ	1	1,08,050
		10,63,200

LIBRARY ARCHIVES Kerala Legislative Assembly

(ഇ)	സൂപ്പർവൈസർ	1 എണ്ണം
	ഫിറ്റർ	1 എണ്ണം
	മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്	1 എണ്ണം
	ഇലക്ട്രീഷ്യൻ	1 എണ്ണം
	വർക്കേഴ്സ്	17 എണ്ണം
	സെക്യൂരിറ്റി	1 എണ്ണം
		22 എണ്ണം

(എഫ്) അപേക്ഷ ക്ഷണിച്ചിരുന്നു. താഴെ പറയുന്ന പ്രകാരം അപേക്ഷ ലഭിച്ചിട്ടുണ്ട്.

സൂപ്പർവൈസർ	6 എണ്ണം
ഫിറ്റർ	12 എണ്ണം
മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്	30 എണ്ണം
ഇലക്ട്രീഷ്യൻ	27 എണ്ണം
വർക്കേഴ്സ്	189 എണ്ണം
സെക്യൂരിറ്റി	3 എണ്ണം

(ജി) ഇല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു താൽക്കാലിക സ്റ്റേ നിൽക്കുന്നതുകൊണ്ട് നിയമനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല.

(എച്ച്) സഹകരണ നിയമനങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി നിയമനം നടത്തുന്നതാണ്.

സഹകരണ ബാങ്കുകളുടെ ട്രഷറി നിക്ഷേപം

118 (1270) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന അഗ്രികൾച്ചറൽ ഡവലപ്മെന്റ് ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ, ജർമ്മൻ റൂറൽ സഹകരണ ബാങ്കുകൾ തുടങ്ങി മറ്റു സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ ആണ്ട് തിരിച്ച് വിവരം വെളിപ്പെടുത്താമോ ;

(ബി) ഈ ഡെപ്പോസിറ്റുകൾക്ക് ലഭിക്കുന്ന പലിശ നിരക്ക് എത്രയാണ് ;

(സി) പലിശയിനത്തിൽ എത്ര തുക ഈ ഡെപ്പോസിറ്റുകൾക്ക് നൽകിയിട്ടുണ്ട് ;

(ഡി) 31-1-2001-ൽ സംസ്ഥാനത്തെ ട്രഷറികളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപിച്ചിട്ടുള്ളതും ബാക്കി നില്പുള്ളതുമായ തുകയുടെ വിശദവിവരം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly